**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **12-09-2023 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം സംബന്ധിച്ച നടപടിക്രമങ്ങൾ കഴിഞ്ഞ പത്ത് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്പെഷ്യൽ റൂൾ സംബന്ധിച്ച കരട് വിജ്ഞാപനം ഭേദഗതികളോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റേഴ്സ് ലൈസൻസ് കേരള മാരിടൈം ബോർഡ് നിലവിൽ അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽ നിന്നും ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം സർക്കാർ തേടിയിരിക്കുകയാണ്. ടി അഭിപ്രായം ലഭ്യമായ ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത സ്പെഷ്യൽ റൂളിന് അന്തിമ രൂപം നൽകുന്നത്. |
| (ബി) | സ്പെഷ്യൽ റൂൾ പരിഷ്കരണം ഏത് ഘട്ടം വരെയായി എന്നും അത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | സ്പെഷ്യൽ റൂൾ സംബന്ധിച്ച കരട് വിജ്ഞാപനം ഭേദഗതികളോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റേഴ്സ് ലൈസൻസ് കേരള മാരിടൈം ബോർഡ് നിലവിൽ അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽ നിന്നും ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം സർക്കാർ തേടിയിരിക്കുകയാണ്. ടി അഭിപ്രായം ലഭ്യമായ ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത സ്പെഷ്യൽ റൂളിന് അന്തിമ രൂപം നൽകുന്നത്. |

സെക്ഷൻ ഓഫീസർ